# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1892

13.06.2019 ൽ മറുപടിക്ക്

## ചേലക്കര നാട്ട്യൻചിറയിൽ പ്രവർത്തിയ്ക്കുന്ന ക്വാറി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ചേലക്കര നാട്ട്യൻചിറയിൽ പ്രവർത്തിയ്ക്കുന്ന ക്വാറിയുടെ പ്രവർത്തനാനുമതികളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) | ചേലക്കര നാട്ട്യൻചിറയിൽ പ്രവർത്തിച്ചിരുന്ന ക്വാറിക്ക് നിലവിൽ പെർമിറ്റ് ഇല്ല. എന്നാൽ, WP(C)No. 36329/2015 എന്ന കേസിൽ 23/12/2015 തീയതിയിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം, ക്വാറിയോട് അനുബന്ധിച്ച പ്രവർത്തിക്കുന്ന ക്രഷർ യൂണിറ്റിലേക്ക് റോഡ് നിർമ്മിക്കുന്നതിന്റെ ഭാഗമായി കരിങ്കല്ല് നീക്കം ചെയ്യുന്നതിന് തൃശ്ശൂർ ജില്ലാ ജിയോളജിസ്റ്റ് അനുമതി നൽകിയിരുന്നു. പ്രസ്തുത അനുമതിയുടെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഈ ക്വാറിയിലേയ്ക്ക് നിർമ്മിച്ചിട്ടുള്ള വഴിയിൽ മണ്ണിടിച്ചിലുണ്ടായത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടുണ്ടോ; ഇത് പൊതുവഴിയാണോ; ആണെങ്കിൽ ഈ വഴിയിൽ ഗേറ്റ് സ്ഥാപിച്ചിട്ടുള്ളത് നീക്കം ചെയ്യുമോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. പൊതുവഴിയല്ല. |
| (സി) | ചേലക്കര പോലീസ് സ്റ്റേഷനിൽ ഈ ക്വാറിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതികളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ? | (സി) | ക്വാറിക്കെതിരെയും, ക്വാറി ഉടമകൾ മദ്രസ റോഡ് ഉപയോഗിക്കുന്നതിനെതിരെയും പരാതികൾ ഉണ്ടായിരുന്നു. ഇരുകൂട്ടരും ബഹു. ഹൈക്കോടതിയെ സമീപിക്കുകയും, ബഹു. കോടതി മദ്രസ റോഡിലൂടെ നിശ്ചിത സമയങ്ങളിൽ ചെറിയ വാഹനങ്ങൾ മാത്രം പോകുന്നതിനു അനുവദിക്കുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## മൈനിംഗ് & ജിയോളജി തൃശ്ശൂർ ജില്ലാ കാര്യാലയം ജില്ലാ ജിയോളജിസ്റ്റിന്റെ നടപടിക്രമം

വിഷയം :- ഖനിയും ഖനിജങ്ങളും-ചെറുകിട ഖനിജങ്ങൾ-കരിങ്കൽ, മണ്ണ് ഖനനം-തലപ്പിള്ളി താലൂക്ക് വെങ്ങാനെല്ലൂർ വില്ലേജ് സർവ്വെ നമ്പർ 389/1, 389/2, 382/4 ൽ കരിങ്കൽ ,മണ്ണ് ഖനനം നടത്തി റോഡ് നിർമ്മാണം നടത്തുന്നത് സംബന്ധിച്ച്-ബഹു.കേരള ഹൈക്കോടതിയുടെ W.P.(c)No.3639/2015 നമ്പർ കേസിന്റെ വിധിന്യായം നടപ്പിലാക്കുന്നത്-സംബന്ധിച്ച്.

സൂചന :- 1. ശ്രീ.ഗോവിന്ദൻകുട്ടി, മാനേജിംഗ് പാർട്ട്ണർ, ദിവ്യ മെറ്റൽ ഇൻഡസ്ട്രീസ്, നാട്ട്യൻചിറ, ചേലക്കര ഈ ഓഫീസിൽ 24.11.15 ൽ ഈ ഓഫീസിൽ സമർപ്പിച്ച അപേക്ഷ

2. ബഹു.കേരള ഹൈക്കോടതിയുടെ W.P.(c)No.3639/2015 നമ്പർ കേസ്സിലെ 23.12.2015 ലെ വിധിന്യായം

3. 2015 ലെ കെ.എം.എം.സി.ചട്ടങ്ങളിലെ റൂൾ 106

---

നമ്പർ. 666/15-16/2968/GS/C2/TDO/15 തിയ്യതി, തൃശ്ശൂർ, 16.03.2016

---

### ഉത്തരവ്

തലപ്പിള്ളി താലൂക്ക് വെങ്ങാനെല്ലൂർ വില്ലേജ് സർവ്വെ 389/1, 389/2, 382/4 ൽപ്പെട്ട 0.9300 ഹെക്റ്റർ സ്ഥലത്ത് കരിങ്കല്ല് ,മണ്ണ് എന്നിവ ഖനനം നടത്തി റോഡ് നിർമ്മാണം നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. കൂടാതെ സൂചന (2) പ്രകാരം അപേക്ഷകൻ ഫയൽ ചെയ്ത കേസിൽ കേരള ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുകയും ഉണ്ടായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിൽ നിന്നും ടി സ്ഥലം സന്ദർശിച്ച് പരിശോധിക്കുകയും റോഡ് നിർമ്മാണ ത്തിന് വേണ്ടിയുള്ള സ്ഥലം കോൺക്രീറ്റ് പില്ലർ ഇട്ട് തിരിച്ചിട്ടുള്ളതായി ബോധ്യപ്പെടുക യും ഉണ്ടായി. കേരള ഹൈക്കോടതിയുടെ സൂചന (2) പ്രകാരമുള്ള വിധിന്യായത്തിൽ റോഡ് നിർമ്മാണം പൊതു ആവശ്യത്തിലേയ്ക്കായതിനാൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ റൂൾ 106 ൽ നിഷ്ക്കർഷിക്കുന്ന രീതിയിൽ നടപടി സ്വീകരിക്ക ണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. പൊതു ആവശ്യത്തിലേയ്ക്കായുള്ള റോഡായതി നാൽ പാരിസ്ഥിതിക അനുമതി നിർബന്ധമാക്കാതെ സർക്കാരിലേയ്ക്ക് റോയൽറ്റി ഈടാക്കി പാസ്സും അനുമതിയും നൽകണമെന്ന് ഉത്തരവുള്ളതുമാണ്. പരിസരവാസി കൾക്ക് അപകടമുണ്ടാകാത്ത രീതിയിൽ സുരക്ഷ മാനദണ്ഡങ്ങൾ സ്വീകരിച്ച് റോഡ് നിർമ്മാണത്തിലേയ്ക്കായി കരിങ്കൽ ഖനനം നടത്താവുന്നതാണെന്ന് ബഹു.കോടതി വിധിയിൽ പ്രതിപാദിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഖനനപ്രവർത്തനത്തിനു മുന്നോടി യായി താഴെ സൂചിപ്പിക്കുന്ന സുരക്ഷ മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണെന്ന് ഇതി നാൽ നിർദ്ദേശിച്ചുകൊള്ളുന്നു. ഖനനം ചെയ്ത കരിങ്കല്ല്, മണ്ണ് എന്നിവ ടി സ്ഥലത്തു നിന്നും പുറത്തേയ്ക്ക് കൊണ്ടുപോകേണ്ടതുണ്ടെങ്കിൽ ഈ ഓഫീസിൽ ഹാജരായി റോയൽറ്റി അടച്ച് അനുമതിപത്രവും പാസ്സും സമ്പാദിക്കേണ്ടതാണ്.

O/C

SO

സുരക്ഷാമാനദണ്ഡങ്ങൾ:- (1) പാറപൊട്ടിക്കുന്ന സമയം പരിസരവാസികളെ അറിയിക്കേണ്ടതാണ്. (2) പൊടിശല്യം ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

സൂചന (2) ബഹു.ഹൈക്കോടതി വിധിന്യായത്തിനനുസൃതമായി ശ്രീ.ഗോവിന്ദൻകുട്ടി, മാനേജിംഗ് പാർട്ട്ണർ, ദിവ്യ മെറ്റൽസ് എന്നവർ സമർപ്പിച്ച സൂചന (1) അപേക്ഷയിന്മേൽ തീർപ്പ് കല്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

21/3/2016

ജിയോളജിസ്റ്റ്

DISTRICT OFFICE
DEPARTMENT OF MINING AND GEOLOGY
THRISSUR-680 020

സ്വീകർത്താവ്:- ശ്രീ.ഗോവിന്ദൻകുട്ടി, മാനേജിംഗ് പാർട്ട്ണർ, ദിവ്യ മെറ്റൽ ഇൻഡസ്ട്രീസ്, നാട്ട്യൻചിറ, ചേലക്കര

പകർപ്പ്
(1) പോലീസ് സർക്കിൾ ഇൻസ്പെക്ടർ ചേലക്കര
(2) പോലീസ് സബ് ഇൻസ്പെക്ടർ ചേലക്കര

DEPT. OF MINING & GEOLOGY
DIST. OFFICE THRISSUR 680 020
GOVT. OF KERALA

Received
21/3/16.